# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2504**</u>　　　<u>19.12.2012-ൽ മറുപടിക്ക്</u>

## <u>എൻ. ആർ. എച്ച്. എം. ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവർത്തന ങ്ങൾ സംഘടിപ്പിച്ചു ; ഓരോന്നിനും എത്ര രൂപ ചെലവായി ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തന ങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 1). |
| (ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എൻ. ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; അതിന് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; | (ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എൻ. ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 2). |
| (സി) പാലക്കാട് ജില്ലയിലും പരിസര പ്രദേശങ്ങളിലും മന്തുരോഗം ഉൾപ്പെടെയുള്ള കൊതുക ജന്യങ്ങളായ രോഗങ്ങൾ പടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു നിയന്ത്രിക്കുന്നതിനായി പ്രദേശത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (സി) എൻ.ആർ.എച്ച്.എം. മുഖേന മന്തുരോഗ പ്രവർത്തനങ്ങൾക്കു മാത്രമായി പാലക്കാട് ജില്ലയിൽ പ്രത്യേക പദ്ധതികൾ നടത്തിയിട്ടില്ല. |
| (ഡി) സർക്കാരിന്റെ ഇതര വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായി എൻ.ആർ.എച്ച്.എം. നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) സമഗ്ര ആരോഗ്യ ശുചിത്വ പദ്ധതി-12- ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഇതര വകുപ്പിന്റെയും സഹകരണത്തോടെ സമഗ്ര ആരോഗ്യ ശുചിത്വ പദ്ധതിക്ക് രൂപം നൽകുവാൻ എൻ. ആർ.എച്ച്.എം. വഴി സാധിച്ചു. ആരോഗ്യ , ആരോഗ്യ അനുബന്ധ മേഖലകളിൽ നിരവധി പദ്ധതികൾക്ക് രൂപം നൽകുവാൻ ഇതു വഴി സാധിച്ചു. |

(....2)

സ്കൂൾ ആരോഗ്യ പദ്ധതി - വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണാർത്ഥം എൻ.ആർ.എച്ച്.എം. വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കൂൾ ആരോഗ്യ പദ്ധതി. ഇതിന്റെ ഭാഗമായി എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ജെ.പി.എച്ച്.എൻ. മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്യാമ്പുകളും ഹെൽത്ത് എഡ്യൂക്കേഷൻ ക്ലാസുകളും മറ്റ് ആരോഗ്യ സംബന്ധമായ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ആർഷ് - ആർഷ് പദ്ധതിയുടെ ഭാഗമായി കോളേജുകളിൽ ടീൻ ക്ലബ്ബുകൾ രൂപീകരിച്ച അവയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ എൻ.ആർ.എച്ച്.എം. വഴി സാധിച്ചു.

സിക്കിൾ സെൽ അനീമിയ - ആദിവാസി മേഖലകളിൽ കണ്ടുവരുന്ന അരിവാൾ രോഗത്തിന്റെ സ്ക്രീനിങ്ങും പോഷകാഹാര വിതരണത്തിനുമായി കുടുംബശ്രീ, ട്രൈബൽ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹകരണം ലഭ്യമാണ്.

ആയുഷ് - ആയുർവേദ ഹോമിയോ യുനാനി ഡോക്ടർമാരുടെ സേവനം എൻ.ആർ.എച്ച്.എം. വഴി 25 ഡിസ്പെൻസറികളിൽ ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**